(ബി) അനേകായിരം നെയ്ത്തുകാക്കു് പുതിയ കാർഡു ലഭിച്ചിട്ടില്ല എന്ന അധികാരസ്ഥാനത്തു പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നെയ്ത്തുകാക്കു് കാർഡു ലഭിക്കുവാൻ ഉടനടി വേണ്ടതു ചെയ്യുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഫൻ ർ ൽ തിരുവിതാംകൂറിലുള്ള തറികളുടെ ഒരു സെൻസസു് എടുത്തിട്ടുണ്ടു്. അതനുസരിച്ചു് തിരുവിതാംകൂറിൽ ഉദ്ദേശം ൻ ൦, ൦ ൦ ൦ തറികൾ പ്രവർത്തനം നടത്തിയിരുന്നു എന്നു കാണുന്നു. കൊച്ചിയിൽ മേൽപ്രകാരം സെൻസസ്സു് എടുത്തിട്ടില്ല. എന്നാൽ ഇപ്പോൾ അവിടെ ഉദ്ദേശം ൽ, ൽ ൦ ൦ തറികൾ പ്രവർത്തനം നടത്തുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ചില നെയ്ത്തുകാരുടെ പരാതികൾ ലഭിച്ചിട്ടുണ്ടു്. ഈ ആക്ഷേപങ്ങൾ പരിഹരിപ്പാനായി ഉടൻതന്നെ ഒരു പുതിയ സെൻസസ്സു് എടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

DISTRIBUTION OF YARN TO HANDLOOM WEAVERS

***1204. [62] Sri. N. P. Varghese:** Will the Hon'ble Minister for Education be pleased to state:

(*a*) what is the quota of yarn allotted to Travancore Cochin State;

(*b*) how many bundles per loom are distributed every month to the weavers in the Cochin District and the Kottayam District; and

(*c*) is there any distinction made in the supply of yarn per loom to factories and individual weavers?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) About 1747 bales monthly.

(*b*) 10 kazhies per loom from 1st October 1950 in both the Districts.

(*c*) No.

അറബി മുൻഷിമാർ

* ഫ ൨ ൦ ൽ. (൭ ഫ) സാഹിബു് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) കുന്നാംപുള്ളി താലൂക്കിൽ ശ്രീകൺമുഖവിലാസം പ്രൈമറി സ്കൂളിൽ ഒരു അറബി മുൻഷിയെ നിയമിച്ചു് ഫ ഫ൨ ർ കത്തിൽ ഇൻസ്പെക്ടരാപ്പീസിലേക്കു് റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടു് ഇനിയും പ്രസ്തുത നിയമനം അനുവദിച്ചില്ല?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) മുസ്ലിംകുട്ടികൾ കുറവായതുകൊണ്ടു്.

അരിഅയപ്പു്

ഫ ൨ ൦ ൻ. (൭൧) സാഹിബു്ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) മട്ടാഞ്ചേരിയിൽനിന്നു കൊട്ടങ്ങല്ലൂർ സബ്ഡിപ്പോവിലേക്ക് അരി എൽ. സി. ടി. വഴിക്ക് അയയ്ക്കുന്നതിനു ചാക്കൊന്നുക്ക് എത്ര ചെലവു വരുന്നുണ്ട്;

(ബി) ഇരിങ്ങാലക്കുടവഴിക്ക് കൊട്ടങ്ങല്ലൂർ സബ്ഡിപ്പോവിൽ അരി എത്തിക്കുവാൻ ചാക്കൊന്നിനു എത്ര ചിലവു വരുന്നുണ്ട്?

വിദ്യാഭ്യാസവും തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചാക്കൊന്നിക്ക ൪ ണ. ൭ പൈസ.
(ബി) ചാക്കൊന്നുക്ക് ൧ രൂ. ൬ ണ. ൧൦ പൈസ.

Question posted for Answer on 11th November 1950

പറവൂർ വരാപ്പുഴ ലൈനിലെ ബസ്സുകൾ

൧൨൦൭. (൨൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പറവൂർ വരാപ്പുഴ ലൈനിൽ ഇപ്പോൾ എത്ര ബസ്സുകൾ ഓടുന്നുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒന്ന്.

Unstarred Questions

QUESTIONS POSTED FOR ANSWER ON 21ST OCTOBER 1950

പുതിയ ദേവാലയങ്ങൾ

൫൭. (൪) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം എത്ര ദേവാലയങ്ങൾ പണിയുന്നതിനു ഗവണ്മെണ്ടു അനുമതി നൽകിയിട്ടുണ്ടെന്നും, അതിൽ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം സമുദായങ്ങളിൽ ഓരോരുത്തക്കും എത്ര വീതമെന്നും പറയുമോ;

(ബി) തിരുവിതാംകൂർ പ്രദേശത്തു ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം, ബുദ്ധ, ജൈന മതക്കാരിൽ ഓരോരുത്തക്കും എത്ര ദേവാലയങ്ങൾ വീതം ഉണ്ടെന്നു തയ്യാറായി പറയുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:) (എ) നസ്രാണി ക്രിസ്ത്യൻ പള്ളികളും, ൨൨ മുസ്ലിം പള്ളികളും ഉൾപ്പെടെ ആകെ ൪൫ ദേവാലയങ്ങൾ.

(ബി) ഹിന്ദുക്കൾക്കു — നൂ, ൭ ൫ ൫
ക്രിസ്ത്യാനികൾക്കു — ൨, ൪ ൫ ൭
മുസ്ലിം മതക്കാക്കു — ൩൩ ൨
ജൈനമതക്കാക്കു —
ബുദ്ധമതക്കാക്കു — Nil.

GUN LICENCES

48. [7] Sri. N. V. Chacko: Will the Hon'ble the Chief Minister be pleased to state:

LIBRARY ARCHIVES Kerala Legislative Assembly